**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

നമ്പർ.ഡിഎ1/130/2020/തസ്വഭവ 05/05/2020,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമവികസന കമ്മിഷണർ
കൃഷി ഡയറക്ടർ
മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ
ചീഫ് എഞ്ചിനീയർ ,ജലസേചന വകുപ്പ്
വ്യവസായ വകുപ്പ് ഡയറക്ടർ
ക്ഷീര വികസന വകുപ്പ് ഡയറക്ടർ
ഫിഷറീസ് ഡയറക്ടർ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
മിഷൻ ഡയറക്ടർ, MGNREGS
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ
പ്രസിഡന്റ്/ ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
പ്രസിഡന്റ്/ ജനറൽ സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
ചെയർമാൻ / സെക്രട്ടറി, കേരള ജില്ലാ പഞ്ചായത്ത് പ്രെസിഡെന്റ്സ് ചേംബർ
ചെയർമാൻ / സെക്രട്ടറി, ചേംബർ ഓഫ് മുനിസിപ്പൽ ചെയർമെൻ, കേരള
പ്രസിഡന്റ്/ സെക്രട്ടറി, മേയേഴ്സ് കൗൺസിൽ, കേരള

സർ,

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - കോവിഡ് പ്രതിരോധ പ്രവർത്തനം - ഭക്ഷ്യവസ്തുക്കളുടെ ലഭ്യതയും ഉല്പാദനവും വർദ്ധിപ്പിക്കാനുള്ള വിവിധ പദ്ധതികൾ - ബഹു. മുഖ്യമന്ത്രി നടത്തുന്ന വീഡിയോ കോൺഫറൻസ് - സംബന്ധിച്ച്.

സൂചന:- 04.05.2020 -ലെ 114/N/M(LSGD) 2020 നമ്പർ കുറിപ്പ്

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഭക്ഷ്യവസ്തുക്കളുടെ ലഭ്യതയും ഉല്പാദനവും വർദ്ധിപ്പിക്കാനുദ്ദേശിച്ചുകൊണ്ട് കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, സഹകരണം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ ഏകോപനത്തോട് കൂടി തദ്ദേശ സ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ തരിശുഭൂമിയിലെ കൃഷി, പുരയിട കൃഷി, അടുക്കള കൃഷി, കാർഷികോല്പന്നങ്ങളുടെ സംഭരണവും വിതരണവും ക്ഷീര - മത്സ്യവികസനം എന്നീ മേഖലകളിൽ ഊന്നിക്കൊണ്ട് വിപുലമായ പ്രവർത്തന പദ്ധതി ആവിഷ്കരിക്കാൻ ബഹു. മുഖ്യമന്ത്രി നിർദ്ദേശിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുമായി ചേർന്ന് വിപുലമായ ഒരു വീഡിയോ കോൺഫറൻസ് 07.05.2020 ന് രാവിലെ 10.00 മണിയ്ക്ക് ബഹു. മുഖ്യമന്ത്രി നടത്തുന്നതാണ് .പ്രസ്തുത വീഡിയോ കോൺഫറൻ സിൽ എല്ലാ തദ്ദേശ്ശ സ്വയംഭരണ സ്ഥാപനങ്ങളും പങ്കെടുക്കേണ്ടതും ആയതിനു ആവശ്യമായ അനുയോജ്യമായ ഹാൾ ഉൾപ്പെടെ എല്ലാ ക്രമീകരണങ്ങളും അതാത് തദ്ദേശസ്വയംഭരണ സെക്രട്ടറിമാർ സ്വീകരിക്കേണ്ടതുമാണ് .ഇതിലേക്ക് ആവശ്യമായ കേബിൾ / ഇന്റർനെറ്റ് കണക്ഷൻ ഏർപ്പെടുത്തേണ്ടതും വിക്ടേഴ്സ് ചാനൽ മുഖേന സംപ്രേക്ഷണം ചെയ്യുന്ന കോൺഫറൻസ് പ്രദർശിപ്പിക്കേണ്ടതുമാണ് ഇത് സജ്ജീകരിക്കുന്നതിനു

ടെക്നിക്കൽ ഓഫീസർമാരെ(ഐ കെ എം )ചുമതലപെടുത്താവുന്നതാണ് .കോവിഡ് പ്രോട്ടോകോൾ (സാമൂഹിക അകലം ഉൾപ്പെടെ )കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ് .ഇലക്ട്രിസിറ്റി വിതരണത്തി തടസ്സം ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് .

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പ്രത്യേകം സജ്ജമാക്കുന്ന വീഡിയോ കോൺഫറൻസ് സംവിധാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ എല്ലാ ജനപ്രതിനിധികൾ, സെക്രട്ടറി, അഗ്രികൾച്ചർ ഓഫീസർ, വെറ്റിനറി സർജൻ, ക്ഷീര വികസന ഓഫീസർ, ഫിഷറീസ് ഉദ്യോഗസ്ഥൻ, പ്രൈമറി സഹകരണ സംഘം പ്രതിനിധികൾ, കുടുംബശ്രീ സി.ഡി.എസ്. ചെയർപേഴ്സൺ എന്നിവരെ കോവിഡ് 19 പ്രോട്ടോകോൾ പാലിച്ചു കൊണ്ട് പങ്കെടുപ്പിക്കേണ്ടതാണ്. പാടശേഖര സമിതി പ്രസിഡന്റുമാർ, മേഖലയിലെ പ്രമുഖ കൃഷിക്കാർ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് പ്രതിനിധി എന്നിവരെ ഓഡിറ്റോറിയത്തിന്റെ സൗകര്യം കൂടി പരിഗണിച്ച് തദ്ദേശസ്ഥാപനങ്ങൾക്ക് പങ്കെടുപ്പിക്കാവുന്നതാണ്.

ജില്ലാ കേന്ദ്രമായ കലക്ടറേറ്റിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കളക്ടർ, നഗരകാര്യ ജോയിന്റ് ഡയറക്ടർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ പഞ്ചായത്ത് സെക്രട്ടറി, ജില്ല പ്ലാനിംഗ് ഓഫീസർ,കുടുംബശ്രീജില്ലാ മിഷൻ കോഓർഡിനേറ്റർ , MGNREGS ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ, PAU പ്രൊജക്റ്റ് ഡയറക്ടർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), ജില്ലാ കൃഷി ഓഫീസർ, ജില്ലാ വ്യവസായ ഓഫീസർ, ജില്ലാ ക്ഷീരവികസന ഓഫീസർ, ജില്ലാ മൃഗസംരക്ഷണ ഓഫീസർ, സഹകരണ ജോയിന്റ് രജിസ്ട്രാർ,സഹകരണ ബാങ്കിന്റെ പ്രതിനിധി, മത്സ്യബന്ധന വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥൻ, ഹരിതകേരളം മിഷൻ കോ-ഓർഡിനേറ്റർ, ചർച്ചയിൽ പങ്കെടുക്കാൻ നിർദ്ദേശിക്കപ്പെടുന്ന മറ്റ് ജനപ്രതിനിധി/ ഉദ്യോഗസ്ഥർ എന്നിവരെ പങ്കെടുപ്പിക്കേണ്ടതാണ്. ജില്ലാ കളക്ടേറ്റുകളിൽ പ്രത്യേകം പങ്കെടുക്കേണ്ടവരെ സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.ബന്ധപ്പെട്ട വകുപ്പ് ഇവരെ പ്രത്യേകം അറിയിക്കേണ്ടതാണ് .

| ക്രമ നമ്പർ | പങ്കെടുക്കേണ്ടവർ | പ്രതിനിധാനം ചെയ്യുന്നവർ | പങ്കെടുക്കേണ്ട സ്ഥലം |
|---|---|---|---|
| 1 | കെ. ശ്രീകുമാർ (മേയർ,തിരുവനന്തപുരം കോർപ്പറേഷൻ) | മേയേഴ്സ് ചേംബർ | തിരുവനന്തപുരം കളക്ടേറ്റ് |
| 2 | വി.കെ. മധു (പ്രസിഡന്റ്, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്) | ജില്ലാ പഞ്ചായത്ത് അസ്സോസ്സിയേഷൻ | തിരുവനന്തപുരം |
| 3 | എ.ജി.സി. ബഷീർ (പ്രസിഡന്റ്, കാസർഗോഡ് ജില്ലാ പഞ്ചായത്ത്) | ജില്ലാ പഞ്ചായത്ത് അസ്സോസ്സിയേഷൻ | കാസർഗോഡ് |
| 4 | മുഹമ്മദ് സലീം (ചെയർമാൻ, പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി, മലപ്പുറം) | മുനിസിപ്പൽ ചെയർമാൻസ് ചേംബർ | മലപ്പുറം |
| 5 | സാബു കെ.ജേക്കബ് (ചെയർമാൻ, പിറവം മുനിസിപ്പാലിറ്റി) | മുനിസിപ്പൽ ചെയർമാൻസ് ചേംബർ | എറണാകുളം |
| 6 | ആർ. സുഭാഷ് (പ്രസിഡന്റ്, ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത്) | ബ്ലോക്ക് പഞ്ചായത്ത് അസ്സോസ്സിയേഷൻ | തിരുവനന്തപുരം |
| 7 | സി.കെ. ചാമുണ്ണി (പ്രസിഡന്റ്, ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത്, പാലക്കാട്) | ബ്ലോക്ക് പഞ്ചായത്ത് അസ്സോസ്സിയേഷൻ | പാലക്കാട് |
| 8 | തുളസി ടീച്ചർ (പ്രസിഡന്റ്, കാലടി ഗ്രാമ പഞ്ചായത്ത്, എറണാകുളം) | ഗ്രാമപഞ്ചായത്ത് അസ്സോസിയേഷൻ | എറണാകുളം |
| 9 | വിശ്വംഭരപ്പണിക്കർ (പ്രസിഡന്റ്, ബുധനൂർ ഗ്രാമപഞ്ചായത്ത്) | ഗ്രാമപഞ്ചായത്ത് അസ്സോസിയേഷൻ | ആലപ്പുഴ |
| 10 | ശോഭാ സുരേഷ് (പ്രസിഡന്റ്, മാള ഗ്രാമപഞ്ചായത്ത്) | ഗ്രാമപഞ്ചായത്ത് അസ്സോസിയേഷൻ | തൃശ്ശൂർ |
| 11 | മുഹമ്മദ് നിയാസ് (പ്രസിഡന്റ്, ചിങ്ങോലി ഗ്രാമപഞ്ചായത്ത്, ആലപ്പുഴ) | ഗ്രാമപഞ്ചായത്ത് അസ്സോസിയേഷൻ | ആലപ്പുഴ |
| 12 | നന്ദകുമാർ | ജില്ലാ പഞ്ചായത്ത് സെക്രട്ടറി | കാസർഗോഡ് |

| | | | |
|---|---|---|---|
| 13 | ബിന്ദു ഫ്രാൻസിസ് (സെക്രട്ടറി,കോഴിക്കോട് കോർപ്പറേഷൻ) | കോർപ്പറേഷൻ സെക്രട്ടറി | കോഴിക്കോട് |
| 14 | മനോജ് (സെക്രട്ടറി, കുന്നംകുളം നഗരസഭ) | നഗരസഭാ സെക്രട്ടറി | തൃശ്ശൂർ |
| 15 | അയന പി. എൻ. (അസിസ്റ്റന്റ് ഡെവലെ പ്മെന്റ് കമ്മീഷണർ, തൃശ്ശൂർ) | അസിസ്റ്റന്റ് ഡെവലെപ്മെന്റ് കമ്മീഷണർ | തൃശ്ശൂർ |
| 16 | ബിന്ദു വാഹിദ് (ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, കൊല്ലം) | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് | കൊല്ലം |
| 17 | കേശവദാസ് (സെക്രട്ടറി, കാളികാവ് ബ്ലോക്ക് പഞ്ചായത്ത്, മലപ്പുറം) | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | മലപ്പുറം |
| 18 | എ. സഹജൻ (സെക്രട്ടറി, അടിമാലി ഗ്രാമപഞ്ചായത്ത്, ഇടുക്കി) | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | ഇടുക്കി |
| 19 | ജോൺസൺ (അസിസ്റ്റന്റ് സെക്രട്ടറി, നൂറനാട് ഗ്രാമപഞ്ചായത്ത്, ആലപ്പുഴ) | ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി | ആലപ്പുഴ |
| 20 | പി. സാജിത (ഡി.എം.സി. വയനാട്) | കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ | വയനാട് |
| 21 | സിനി സിബി (മാസ്റ്റർ ഫാർമ ട്രെയിനർ, കവളങ്ങാട് ഗ്രാമപഞ്ചായത്ത്) 7510321564 | ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് പ്രതിനിധി എറണാകുളം | എറണാകുളം |

പ്രസ്തുത വീഡിയോ കോൺഫറൻസ് സംഘടിപ്പിക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും ആവശ്യമായ ക്രമീകരണം സജ്ജമാക്കിയിട്ടുണ്ടോയെന്നും അതിലെ പങ്കാളിത്തവും എല്ലാ വകുപ്പ് തലവന്മാരും ഉറപ്പുവരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,

**പാറ്റ്സി സ്റ്റീഫന്**

**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

പകർപ്പ്--ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

പ്രിൻസിപ്പൽ സെക്രട്ടറി(അർബൻ ) യുടെ പി.എയ്ക്ക്

സ്പെഷ്യൽ സെക്രട്ടറി (I ) യുടെ പി.എയ്ക്ക്

സ്പെഷ്യൽ സെക്രട്ടറി (II ) യുടെ പി.എയ്ക്ക്